# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4469 — 13/11/2019 ൽ മറുപടിയ്ക്ക്

## സാമൂഹ്യവനവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യവനവത്കരണവുമായി ബന്ധപ്പെട്ട് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ & ബി | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ വനവത്കരണ വുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |
| ബി | ആയതിൽ 2016-17, 2018-19 കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും, എന്തെല്ലാം പ്രവൃത്തികളാണ് പദ്ധതിയിലുൾപ്പെടുത്തി ഇക്കാലയളവിൽ ചെയ്തതെന്നും ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ; | | |

| **വർഷം** | **പദ്ധതി വിഹിതം (ലക്ഷത്തിൽ)** |
|---|---|
| 2016-2017 | 1400.00 |
| 2017-2018 | 1400.00 |
| 2018-2019 | 1115.10 |
| 2019-2020 | 1400.00 |
| **ആകെ** | **5315.10** |

വനേതര പ്രദേശങ്ങളിലുള്ള വൃക്ഷവത്കരണ ത്തിനായി ആണ് പ്രസ്തുത തുക ചെലവഴിക്കുന്നത്. ഇതിനായി ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം, സ്വകാര്യഭൂമികളിൽ തടിഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികൾ എല്ലാം തന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കി തന്മൂലം വനാശ്രിതത്വം കുറച്ച് കാടിന്റെ സന്തുലിതമായ ആവാസ വ്യവസ്ഥ നിലനിർത്തുക എന്ന ഉദ്ദേശലക്ഷ്യ ങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്.

പ്രസ്തുത പദ്ധതികൾക്കായി 2016-17, 2018-19 കാലയളവിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| **ജില്ല** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** | |
|---|---|---|
| | **2016-17** | **2018-19** |
| തിരുവനന്തപുരം | 108.48 | 84.99 |
| കൊല്ലം | 120.95 | 74.97 |
| പത്തനംതിട്ട | 104.97 | 75.00 |
| ആലപ്പുഴ | 126.37 | 79.97 |
| കോട്ടയം | 108.00 | 128.61 |
| എറണാകുളം (എൻ.എസ്.സി.കാലടി ഉൾപ്പെടെ) | 132.5 | 104.1 |
| തൃശ്ശൂർ | 89.93 | 75.00 |
| പാലക്കാട് | 87.50 | 97.00 |
| ഇടുക്കി | 90.00 | 75.00 |
| മലപ്പുറം | 41.62 | 71.41 |
| കോഴിക്കോട് | 47.27 | 60.53 |
| വയനാട് | 18.50 | 22.50 |
| കണ്ണൂർ | 49.45 | 64.06 |
| കാസർഗോഡ് | 85.25 | 86.89 |
| **ആകെ** | **1210.79** | **1100.03** |

| | | | |
|---|---|---|---|
| സി | 2018-19 വർഷത്തിൽ സാമൂഹ്യവനവത്കരണത്തിനായി എത്ര ലക്ഷം തൈകളാണ് ഉത്പാദിപ്പിച്ചതെന്നും ആയതിന് എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ; | സി | 2018-19 വർഷത്തിൽ സാമൂഹ്യ വനവത്കരണത്തിനായി 78.15 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു. ഇതിനായി 961.94 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി | സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികൾ എവിടെയെല്ലാം നടപ്പിലാക്കാനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | ഡി | സാമൂഹ്യവനവൽക്കരണ വിഭാഗം വനേതര പ്രദേശങ്ങളിലുള്ള വൃക്ഷവത്കരണമാണ് നടത്തിവരുന്നത്. ഇതിനായി ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി, തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട് മേൽ പദ്ധതികൾ എല്ലാം തന്നെ ജൈവവൈവിദ്ധ്യം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾ എല്ലാം തന്നെ ഫലപ്രദം ആയതിനാൽ വൃക്ഷ സമ്പത്ത് വർദ്ധിക്കാനിടയായിട്ടു ണ്ട് 2015-ലെ Forest Survey of India യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനു പുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് മേൽപ്പറഞ്ഞ കാരണങ്ങളാൽ സാമൂഹ്യ വന വത്കരണ ത്തിന്റെ ഭാഗമായി പുതിയ പദ്ധതികളൊന്നും നടപ്പിലാക്കുന്ന കാര്യം പരിഗണ നയിലില്ല. |

സെക്ഷൻ ഓഫീസർ